THE VILLAGE INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

| GRADE : 7<br><br>LANGUAGE : 2 | CPE-4 [2021-2022]<br><br>MALAYALAM | MARK : 40<br>TIME : 2 HOUR<br>DATE : 29/03/2022 |
|---|---|---|

## SECTION - A

## OBJECTIVE [20 MARK]

**I.** ഉത്തരം കണ്ടെത്തുക [10 x 2 =20 ]

1 .മല്ലനും മലികനും കാട്ടിൽ നിന്നും ഇറങ്ങി ഓടിയതിന്റെ കാരണം എന്തിനായിരുന്നു?

A ) പെരുമഴ B) ജലക്ഷാമം C) കാട്ടുതീ

2 .'കുമാരുവിന്റെ ബാല്യം' എന്ന പാഠഭാഗം ഏത് സാഹിത്യവിഭാഗത്തിൽ ഉൾപ്പെടുന്നു?

A ) ആത്മകഥ B ) ജീവചരിത്രം C ) കഥ

3 . 'സംഗ്രഹം' എന്ന വാക്കിന്റെ അർഥം എന്ത്?

A ) ചുരുക്കം B ) വിവരണം C ) ഉപന്യാസം

4 . 'ഗോതമ്പുമണികൾ' എന്ന കവിത എഴുതിയത് ആര്?

A ) വൈലോപ്പിള്ളി B ) ഒ.എൻ.വി C ) കുമാരനാശാൻ

5 . 'ചങ്ങാതി' എന്ന വാക്കിന്റെ പര്യായം കണ്ടെത്തുക?

A ) ശത്രു B ) മിത്രം C ) വക്ത്രം

6 . മലയാളത്തിലെ ആദ്യത്തെ ചരിത്രനോവൽ ഏത്?

A ) ധർമ്മരാജ B ) രാമരാജബഹദൂർ C ) മാർത്താണ്ഡവർമ്മ

7 . 'ജംബൂകം' എന്ന വാക്കിന്റെ അർത്ഥം എന്ത്?

A ) ആന B ) കുറുക്കൻ C വവ്വാൽ

8 . താഴെ കൊടുത്തിരിക്കുന്നവയിൽ വൈലോപ്പിള്ളി രചിച്ച കവിത ഏത്?

A ) മാമ്പഴം    B ) സന്ദർശനം    C ) ഒരു മഴത്തുള്ളി

9 . കുമാരനാശാന്റെ ജന്മസ്ഥലം കേരളത്തിലെ ഏത് ജില്ലയിലാണ്?

A ) തിരുവനന്തപുരം    B ) പാലക്കാട്    C ) മലപ്പുറം

10 . ലോകസാക്ഷികളോട് യാത്രയും ചൊല്ലി പഞ്ചവൻ കാട്ടിൽ മരണം കാത്തു കിടക്കുന്നത് ആരാണ്?

A ) പത്മനാഭൻ തമ്പി   B ) അനന്തപത്മനാഭൻ    C ) മാർത്താണ്ഡവർമ്മ

## SECTION B

## SUBJECTIVE [MARK - 20 ]

**II .** കത്തെഴുതുക **(1 X 5 =5 )**

11 . നിങ്ങളുടെ വീട്ടിൽ നടക്കുന്ന ആഘോഷത്തിലേക്ക് സുഹൃത്തിനെ ക്ഷണിച്ചുകൊണ്ട് ഒരു കത്തെഴുതുക.

അല്ലെങ്കിൽ

നിങ്ങളുടെ പ്രദേശത്തെ കുടിവെള്ളപ്രശ്നം പരിഹരിച്ച തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്തെഴുതുക.

**III .** താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക?
**(3 X 1 =3 )**

പഴമൊഴികളാണ് പഴഞ്ചൊല്ലുകൾ. തമിഴ് ഭാഷയിൽ മുതുമൊഴികൾ എന്നാണ് പറയാറുള്ളത്.ജനങ്ങൾ പറഞ്ഞുപറഞ്ഞ് പ്രചരിച്ചിട്ടുള്ള വാമൊഴിരൂപങ്ങളാണവ.ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടവയാണ് പഴഞ്ചൊല്ലുകൾക്കുള്ള വിഷയങ്ങൾ. മുളയിലറിയാം വിള, നിലമറിഞ്ഞ് വിത്തിടണം. എന്നിവ കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകളാണ്.ഭാഷയുടെയും സംസ്കാരത്തിന്റെയും വിവിധ തലങ്ങളെ സ്പർശിക്കുന്നവയാണ് പഴഞ്ചൊല്ലുകൾ.പ്രാദേശിക തനിമ അവയുടെ പ്രത്യേകതയാണ്. ഇന്ന് നമ്മുടെ നിത്യജീവിതത്തിൽ പഴഞ്ചൊല്ലുകളുടെ പ്രയോഗം കുറഞ്ഞുവരികയാണ്.അവയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

12 . തമിഴ് ഭാഷയിൽ പഴഞ്ചൊല്ലുകൾക്ക് പറയുന്ന പേര് എന്ത്?

13 . കൃഷിയുമായി ബന്ധപ്പെട്ട ഒരു പഴഞ്ചൊല്ല് എഴുതുക?

14 . പഴഞ്ചൊല്ലുകളുടെ പ്രധാന പ്രത്യേകത എന്ത്?

**IV .** പിരിച്ചെഴുതുക **(2 X 1 =2 )**

15 . വെള്ളക്കുമിള

16 . വാഴയില

**V .** വിഗ്രഹിച്ചെഴുതുക **(2 X 1 =2 )**

17 . പൂമധു

18 . ഹീനസ്വഭാവം

**VI .** ഉത്തരം എഴുതുക **( 4 X 2 =8 )**

19 . വനത്തിൽ വലിയൊരു യുദ്ധം നടന്നു എന്നതിന് എന്തെല്ലാം തെളിവുകളാണ് നോവലിസ്റ്റ് നൽകുന്നത്?

20 . കൊച്ചനുജത്തിക്ക് ഭംഗി നൽകുന്നത് എന്തെല്ലാമാണ്?

21 . കുമാരനാശാന്റെ മാതാവിന്റെ ദീനദയാലുത്വത്തെ തെളിയിക്കുന്ന സംഭവം എന്ത്?

22 . വയലിൽ അരങ്ങേറുന്ന നാടകം കണ്ട് മുത്തി അമ്പരന്നു.- എന്തായിരുന്നു വയലിൽ അരങ്ങേറിയ നാടകം?